എടുക്കുന്നതാണു്. അതിനുശേഷം മാത്രമേ പ്രയോജനകരമായ ചർച്ച നമ്മുടെ അഡ്വൈസറി ബോർഡിലും നടക്കാൻ ഇടവരികയുള്ളു. പ്രോഗ്രാം കമ്മിറ്റിയുടെ റിപ്പോർട്ടു് വളരെ വേഗം ഉണ്ടാവും. അതു കഴിഞ്ഞാൽ പ്ലാനിംഗു് അഡ്വൈസറി ബോർഡിനു് കൊടുക്കാവുന്നതുമാണു്.

ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: പ്ലാനിംഗിനെപ്പറ്റി ഇപ്പോഴത്തെ വിദഗ്ദ്ധാഭിപ്രായം വന്നുകഴിഞ്ഞിട്ടുണ്ടു്. ഉദാഹരണത്തിനു് പ്ലാൻ Strategy യെപ്പറ്റി അഖിലേൻഡ്യാടിസ്ഥാനത്തിൽ പ്ലാൻ ഫ്രെയിമിൽ തയ്യാറാക്കിയിരുന്നതിനു വിരുദ്ധമായ റിപ്പോർട്ടാണു് ലോകനാഥൻ റിപ്പോർട്ടിൽ വന്നിട്ടുള്ളതു്. ആ സ്ഥിതിക്കു് ഏതെല്ലാം ഡിപ്പാർട്ടുമെൻറിൽ എല്ലാം വർദ്ധനവു് വേണമെന്നു നിശ്ചയിക്കുന്നതിനുമുമ്പു് കേരളത്തിലെ പ്ലാൻ Strategy എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് അഖിലേൻഡ്യാടിസ്ഥാനത്തിൽ പാനൽ ആഫു് എക്കണോമിസ്റ്റുമായി ചർച്ച ചെയ്യുന്നതിനു് അവസരമുണ്ടെന്നു ചൂണ്ടിക്കാണിച്ചാണു് മുഖ്യമന്ത്രിക്കു് കത്തെഴുതിയതു്. അതിനെ സംബന്ധിച്ചു് ഇപ്പോഴത്തെ ചർച്ച ചെയ്യാത്തതു് എന്താണെന്നു് നസിലാകുന്നില്ല.

ശ്രീ. ആർ. ശങ്കർ: അഖിലേൻഡ്യാടിസ്ഥാനത്തിൽ ഈ വക കാര്യങ്ങളെപ്പറ്റി ആലോചിച്ചശേഷം അവർ നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിലാണു് അതിന്റെ പ്രവർത്തനം ഇപ്പോഴത്തെ സ്റ്റേറ്റിൽ നടക്കുന്നതു്. പ്രാരംഭപ്രവർത്തനങ്ങളെല്ലാം കഴിഞ്ഞതിനുശേഷമേ പ്രയോജനകരമായ രീതിയിൽ ബോർഡിനു് നിർദ്ദേശങ്ങളും സമർപ്പിക്കാൻ കഴിയുകയുള്ളു.

ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: അഖിലേൻഡ്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്ലാനിംഗു് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തത്വങ്ങൾക്കു കടകവിരുദ്ധമാണു് ലോകനാഥൻ റിപ്പോർട്ടു്. ഇതിനെ സംബന്ധിച്ചു് ചർച്ച ചെയ്യണമെന്നു് തുടരെത്തുടരെ ആവശ്യപ്പെട്ടിട്ടും അതു ചെയ്യാതെ കണ്ടു് വർക്കിംഗു് ഗ്രൂപ്പുമാത്രം വയ്ക്കുന്നതു് കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചു് തടസമാണെന്നുള്ള സംഗതി ഇപ്പോഴെങ്കിലും മനസിലായോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോഴത്തെ എന്തെങ്കിലും കൂടുതലായിട്ടു് മനസിലായില്ല. ഈ സംഗതിയിൽ എടുക്കേണ്ട നടപടികളും ഗവണ്മെൻറു് മുറയനുസരിച്ചെടുത്തു വരികയാണു്.

മത്സ്യവ്യവസായ വികസനം

* 673. [17] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവ്യവസായ വികസനത്തിനു മൂന്നാം പദ്ധതിയിൽ ആകെ കൊള്ളിച്ചിരുന്ന തുക എത്ര; ആകെ ഇതുവരെ എത്ര ചെലവായി;

(ബി) ഇതുവരെയുള്ള പുരോഗതി തൃപ്തികരമാണോ; അല്ലെങ്കിൽ കാരണമെന്തു്;

(സി) ഞാറക്കലും, മുനമ്പത്തും ഓരോ ഫിഷിംഗു് ഹാർബർ ഉണ്ടാക്കുവാൻ നടപടി എടുക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 450 ലക്ഷം രൂപ. 31-1-1964 വരെ 94.57 ലക്ഷം രൂപ ചെലവായിട്ടുണ്ടു്.

(ബി) തൃപ്തികരമാണു്.

(സി) മുനമ്പത്തു് (അഴീക്കോടു്) ഒരു ബോട്ടുജട്ടിയും തുറമുഖ സൗകര്യങ്ങളും നിർമ്മിക്കുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടു്. ഞാറയ്ക്കൽ ഒരു ഫിഷിംഗു് ഹാർബർ നിർമ്മിക്കുന്നതിനു പറ്റിയ സ്ഥലമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ഏബ്രഹാം: ഞാറയ്ക്കലും, മുനമ്പവും കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് മത്സ്യവ്യവസായ കേന്ദ്രങ്ങളാണ്. അവിടെ മീൻ പിടിക്കുന്നതിനു് യാതൊരു സൗകര്യവും ചെയ്യ കൊടുക്കുന്നില്ല. അവിടെ ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: വിദഗ്ദ്ധാഭിപ്രായംകൂടി നോക്കിയാണ് ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചു നടപടി ഗവണ്മെന്റ് എടുക്കുന്നതു്, ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചു് അന്വേഷിച്ച ഉദ്യോഗസ്ഥൻ അവിടെ ഫിഷിംഗ് ഹാർബറിനു് ഒക്കുകയില്ല; ഒരു ബോട്ടുജട്ടി മാത്രമേ ഉണ്ടാക്കാൻ സൗകര്യമുള്ള എന്നാണു് റിപ്പോർട്ട ചെയ്തിട്ടുള്ളതു്.

ശ്രീ. എ. എ. റഹിം: രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ച വിഴിഞ്ഞം ഹാർബറിന്റെ അവസ്ഥ എന്താണെന്നു പറയാമോ? ഇതു് മൂന്നാം പദ്ധതിക്കാലത്തെങ്കിലും അവസാനിപ്പിക്കാൻ കഴിയുമോ?

ശ്രീ. കെ. കുഞ്ഞമ്പു: മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനകാലത്തു് പൂർത്തിയാക്കാൻ സാധിക്കുകയില്ല. അവിടത്തെ പ്രവർത്തനത്തിനാവശ്യമുള്ള ഭൂമികളൊക്കെ അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ടു്. അപ്രോച്ചു് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ആവശ്യമായ ഉപകരണങ്ങൾക്കും പ്ലാൻറിനും ടെൻഡർ വിളിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടു്. ജനുവരി മാസംവരെ മൂന്നര ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ടു്. ഇക്കൊല്ലം നീക്കിവച്ച 5 ലക്ഷം രൂപയും മാർച്ചു് അവസാനത്തോടുകൂടി ചെലവാക്കാൻ സാധിക്കുമെന്നാണു് ഗവണ്മെന്റു് വിചാരിക്കുന്നതു്.

WRITTEN ANSWERS

ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ

* 674. [27] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടു് ജില്ലയിൽ 1964–65 വർഷത്തിൽ ഏതെല്ലാം റൂട്ടുകളിലാണു് സ്റ്റേറ്റു് ട്രാൻസ്പോർട്ട വക ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതു്;

(ബി) ജലസേചന–വിദ്യുച്ഛക്തി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുറ്റ്യാടി പ്രദേശത്തേക്കു് യാത്രക്കാർ വളരെ വർദ്ധിച്ചതിനാൽ കോഴിക്കോട്ടുനിന്നും ബാലുശ്ശേരി വഴിക്കും, പേരാമ്പ്ര വഴിക്കും വടകര വഴിക്കും ഓരോ ഫാസ്റ്റ് പാസഞ്ചർ സർവീസുകളെങ്കിലും തുടങ്ങുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുവാൻ ദയവുണ്ടാകുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) തൽക്കാലം നിവ്വാഹമില്ല.

ഗവണ്മെന്റു പരസ്യങ്ങളും ദിനപത്രങ്ങളും

* 675. [31] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ദിനപ്പത്രങ്ങൾക്കു് ഗവണ്മെന്റുവക പരസ്യങ്ങൾ കൊടുക്കുന്നുണ്ടു്;

(ബി) ഓരോന്നിനും ആണ്ടിൽ എത്ര ഉറുപ്പികവീതം പരസ്യങ്ങളുടെ ഇനത്തിൽ കൊടുത്തു എന്നതിന്റെ ഇനവിവരം പട്ടിക മേശപ്പുറത്തു വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly